

# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-2026

# ആമുഖം

2025-2026 അധ്യയനവർഷത്തിൽ വിദ്യാലയത്തിലെ മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളുന്നതും തുല്യതയും ഗുണനിലവാരമുള്ളതുമായ വിദ്യാഭ്യാസം ഉറപ്പാക്കുകയും ചെയ്യുക എന്ന ദൗത്യം പൂർത്തീകരിക്കുന്നതിനുവേണ്ടി തയ്യാറാക്കിയ കർമ്മപദ്ധതിയുടെ രൂപരേഖയാണിത്. വായിച്ചുവളരുക, ചിന്തിച്ച് വിവേകം നേടുക എന്ന മഹത് വചനത്തിനു വേണ്ടി വിദ്യാർത്ഥി സമൂഹത്തെ വായനയുടെയും എഴുത്തിന്റെയും പാതയിലേക്ക് നയിക്കാൻ ഉതകുന്ന ഒരു മഹത് സന്ദേശം ആശയത്തെയും ഉൾപ്പെടുത്തിക്കൊണ്ട് തയ്യാറാക്കുക എന്നതാണ് ഈ പ്ലാനിന്റെ ലക്ഷ്യം കുട്ടികളിലുണ്ടായ പഠനവിടവുകൾ നികത്തുകയും പഠനപ്രവർത്തനങ്ങൾ കൂടുതൽ ആസ്വാദ്യമാക്കുക, പഠനപ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തൽ തുടങ്ങിയവ ഈ പദ്ധതിയിൽ ഉൾക്കൊള്ളുന്നു.

# അക്കാദമിക മാസ്റ്റർപ്ലാൻ - LP

## ആമുഖം

ചെറിയ ക്ലാസിൽ നിന്ന് തന്നെ ഗണിത പ്രവർത്തനങ്ങൾ നേരായി കുട്ടി നേടിയെടുക്കേണ്ടിയുണ്ട്. ഗണിത പ്രവർത്തനങ്ങൾ ജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്ത ഒന്നാണല്ലോ. ഭാഷയിലും, ശാസ്ത്രത്തിലും മറ്റ് ഇതര പ്രവർത്തനങ്ങളിൽ അവബോധം നേടിയെടുക്കുമ്പോൾ ഗണിതം പിൻതള്ളിപ്പോകാതെ മുഖ്യധാരയിൽ എത്തിക്കേണ്ടത് നമുക്കാവശ്യമാണ്. ജീവിതത്തിൽ ഓരോ വ്യക്തിക്കും ഗണിതം ഒഴിച്ചുകൂടാത്ത അത്യന്താപേക്ഷിതമാണ്. ഗണിതം ഇല്ലാതെ ജീവിതത്തിൽ ഒന്നും തന്നെ ഇല്ലെന്ന് പറയാം. വിദ്യാലയത്തിലെ മുഴുവൻ കുട്ടികൾക്കും മികച്ച രീതിയിൽ ഗണിത പ്രവർത്തനങ്ങൾ സ്വായത്തമാക്കണം. പിന്നാക്കം നിൽക്കുന്ന കുട്ടികളെയും മുഖ്യധാരയിൽ എത്തിക്കുകയും ചെയ്യുന്നതിനാണ് ഈ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.

## ലക്ഷ്യം

* സംഖ്യാബോധം, സംഖ്യകളെ വ്യാഖ്യാനിക്കാനും, സങ്കലനം, വ്യവകലനം, ഗുണനം, ഹരണം പ്രശ്നാപഗ്രഥനം എന്നിങ്ങനെയുള്ള ശേഷി ഉറപ്പാക്കൽ.
* ഗണിതകിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ.
* പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോഗപ്പെടുത്തൽ.
* സംഖ്യാബോധവും ക്രിയാശേഷികളും എല്ലാവരിലും നേടിയെടുക്കുന്നതിന്.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | 1) ഗണിത മാഗസിൻ | ജൂൺ-മാർച്ച് | SRG<br>ക്ലാസ് ടീച്ചർ | SSA |
| കുട്ടികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ | 2). ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണത്തിന ക്യാമ്പ് | സപ്തംബർ | | |
| | 3). ഗണിത ക്യാമ്പ്<br>ഗണിത പ്രവർത്തനങ്ങൾ കളികളിലൂടെ | മാസത്തിൽ ഒന്ന് വീതം | SRG<br>ക്ലാസ് ടീച്ചർ. | |

| | | | | |
|---|---|---|---|---|
| ഗണിത ചിന്താ ശേഷി വളർത്തൽ | ഒരുദിനം ഒരു ചോദ്യം (കുസൃതി കണക്കുകളും ഗണിത പസിലുകളും പരിചയപ്പെടൽ) | ആഴ്ചയിൽ ഒന്ന് വീതം. | SRG ക്ലാസ് ടീച്ചർ | SSA |
| | ഗണിത ക്യാമ്പ് (ഗണിത കളികളിലൂടെ) | മാസത്തിൽ ഒന്ന് വീതം | | |

| | | | | |
|---|---|---|---|---|
| ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയാം | ജിയോജിബ്ര ശില്പശാല നടത്തുകയായി ഗണിത പഠനവും നിർമ്മാണ പ്രവർത്തനങ്ങളുടെ അനായാസതയെ വും. ജിയോജിബ്രയിൽ ഗോം രൂപങ്ങൾ നിർമ്മിക്കൽ പ്രോത്സാഹിപ്പിക്കൽ. | ഒക്ടോബർ | SRG<br>PTA | SSA |
| ഗണിതം ലളിതമാക്കാം കളികളിലൂടെ | വേദിക് മേള<br>ഗണിതോത്സവം | ജനുവരി | SRG<br>ക്ലാസ് ടീച്ചർ | SSA<br>staff<br>smc |

| | | | | |
|---|---|---|---|---|
| ഗണിത പഠനം രസകരമാക്കൽ ചതുഷ്ക്രിയകൾ ലളിതമാക്കൽ | കളിക്കാം ഗണിതം<br>വിവിധ കളികൾ ആസൂത്രണം ചെയ്യൽ - നടപ്പാക്കൽ മൂല്യനിർണയം. (മണിയും പാമ്പും ഡയസ് കളി) സങ്കലനം, വ്യവകലനം (കച്ചവടക്കളി) | വർഷം മുഴുവൻ | SRG<br>ക്ലാസ് ടീച്ചർ | BRC<br>PTA |
| | ജിയോജിബ്രയിലൂടെ പഠിക്കാം | | | |
| ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ - ക്രചലന ശേഷി വികാസം | ജിയോജിബ്ര രൂപങ്ങളുടെ നിർമ്മാണം പ്രദർശനം | വർഷത്തിലൊരിക്കൽ ഉചിതമായ സമയത്ത് | class Teacher | PTA |
| | ഗണിതലാബ് | | | |
| ഗണിത പഠന പ്രവർത്തനം സുഗമമാക്കൽ | ഗണിതലാബ് ഒരുക്കൽ - പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | SRG<br>class teacher | PTA |

| | | | | |
|---|---|---|---|---|
| ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയാൻ | ഗണിത ചാർട്ടുകൾ ഒരുക്കാൻ ഉപയോഗപ്പെടുത്താൻ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ (Leena) | PTA |
| ഗണിത പഠനോപകരണ ശില്പശാല | | | | |
| പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കാൻ | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം പ്രദർശനം. | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ (Leena) | PTA |
| ഗണിതമേള | | | | |
| ഗണിത ശേഷികളുടെ പ്രകടനം | പ്രശ്നോത്തരി പസിൽ പാറ്റേൺ പഠന ഉൽപന്നങ്ങളുടെ പ്രദർശനം | വർഷത്തിലൊന്ന് | SRG ക്ലാസ് ടീച്ചർ (Leena) | PTA |

# അക്കാദമിക മാസ്റ്റർപ്ലാൻ – UP

## ആമുഖം

വായിച്ചു വളരുക, ചിന്തിച്ച് വിവേകം നേടുക എന്ന മഹത് വചനത്തിന് വേണ്ടി വിദ്യാർത്ഥി സമൂഹത്തെ വായനയുടെയും എഴുത്തിന്റെയും പാതയിലേക്ക് നയിക്കാൻ ഒരു മഹത് സംരംഭം. വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികളെയും മികച്ച വായനക്കാരാക്കുക ഒപ്പം മികച്ച എഴുത്തുകാരനാക്കുക. ഈ ലക്ഷ്യം നേടുന്നതിനായി പിന്നാക്കം നിൽക്കുന്നവരെ കൂടി മുൻധാരയിലെത്തിച്ച് വായനയും എഴുത്തും ഒരു നവ്യാനുഭവമാക്കി വിദ്യാലയത്തെ ഒരു സർഗ്ഗ പ്രപഞ്ചമാക്കി മാറ്റുവാനുള്ള നൂതന സംരംഭം.

## ലക്ഷ്യങ്ങൾ

* എല്ലാവർക്കും എഴുത്തും വായനയും
* വായനക്കൂട്ടം, എഴുത്ത് കൂട്ടം
* അമ്മ വായന
* ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി

* ഗ്രന്ഥശാല അംഗത്വം
* വായനയുടെ വിവിധ തലങ്ങൾ പരിചയപ്പെടൽ
* ആസ്വാദ്യകരമായ വായനയിൽ വൈദഗ്ധ്യം നേടുക.
* വായനയും എഴുത്തും വികസിപ്പിക്കുന്നതിനുള്ള തന്ത്രങ്ങൾ വികസിപ്പിക്കുക.
* ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത കണ്ടെത്തുക.
* ഭാഷയുമായി ബന്ധപ്പെട്ട് ICT സാധ്യത സജ്ജീകരിക്കൽ.

| Sl. No. | PROGRAM | ACTIVITY | DURATION | ഭൗതികം | പിന്തുണ | REMARKS |
|---|---|---|---|---|---|---|
| 1. | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. അക്ഷരം ഉറപ്പിക്കൽ<br>2. അടയാളം ഉറപ്പിക്കൽ<br>3. അക്ഷരകാർഡ് നൽകൽ<br>4. വാക്കുകൾ എഴുതിയ കാർഡ്<br>5. വാക്കുകൾ നിർമ്മിക്കുക.<br>6. വാക്യങ്ങൾ നിർമ്മിക്കൽ<br>7. ചിത്രം. അടിക്കുറിപ്പ്<br>8. ചിത്രം - കഥ പറയൽ<br>9. ചിത്രം - കഥ എഴുതൽ | അക്കാദമിക വർഷം | പുസ്തകങ്ങൾ, ICT | അധ്യാപകർ<br>PTA<br>BRC | |

| Sl. No. | PROGRAM | ACTIVITY | DURATION | ഭൗതികം | പിന്തുണ | REMARKS |
|---|---|---|---|---|---|---|
| | | 10. കഥ - ബാക്കി എഴുതൽ<br>11. കഥാപുസ്തകം നൽകൽ<br>12. ICT ൽ ഒരു ചിത്രം നൽകി വാക്യങ്ങൾ എഴുതൽ<br>13. ഭാഷാപരമായ പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ് | | | | |
| 2. | കുട്ടിയെ മികച്ച വായനക്കാരനാക്കുക. (വായനക്കൂട്ടം) | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. വായനമൂല, ക്ലാസ് ലൈബ്രറി രൂപീകരിക്കൽ<br>3. സ്കൂൾലൈബ്രറി നവീകരിക്കൽ<br>4. സമീപ ഗ്രന്ഥശാല അംഗത്വം.<br>5. വായനോത്സവം സംഘടിപ്പിക്കൽ.<br>6. പത്ര വായന | അക്കാദമിക വർഷം | ക്ലാസ് ലൈബ്രറി<br>സ്കൂൾ ലൈബ്രറി<br>പത്രങ്ങൾ<br>ഗ്രന്ഥശാല | അധ്യാപകർ<br>PTA | |

| Sl. No. | PROGRAM | ACTIVITY | DURATION | ഭൗതികം | പിന്തുണ | REMARKS |
|---|---|---|---|---|---|---|
| | | 7. അമ്മ വായന<br>8. പുസ്തക ചർച്ച<br>9. വായനാനുഭവം പങ്കുവെയ്ക്കൽ<br>10. വായനാക്കുറിപ്പ് പതിപ്പ്<br>11. ദിനാചരണങ്ങൾ<br>12. ആസ്വാദ്യകരമായ വായന<br>13. ഇ-വായന | | ആനുകാലിക പ്രസിദ്ധീകരണങ്ങൾ<br>ഇന്റർനെറ്റ് | BRC | |
| 5. | കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക. (എഴുത്തുകൂട്ടം) | 1. എഴുത്തുകൂട്ട രൂപീകരണം<br>2. പുസ്തക ചർച്ച<br>3. വായനാക്കുറിപ്പ് പതിപ്പ്<br>4. ചുമർപത്രിക തയ്യാറാക്കൽ<br>5. സർഗ്ഗസൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ. | അക്കാദമിക വർഷം | ലൈബ്രറി<br>പുസ്തകങ്ങൾ<br>ജീവചരിത്ര പുസ്തകങ്ങൾ | അധ്യാപകർ<br>PTA | |

| Sl. No. | PROGRAM | ACTIVITY | DURATION | ഭൗതികം | പിന്തുണ | REMARKS |
|---|---|---|---|---|---|---|
| | | 6. സഞ്ചരിക്കുന്ന ആസ്വാദന കുറിപ്പ് പുസ്തകം.<br>7. ഭാഷാ പ്രോജക്ട്<br>8. രചയിതാക്കളെ പരിചയപ്പെടൽ<br>9. ആസ്വാദന കുറിപ്പ്<br>10. പൊതു വേദികളിൽ സംസാരിക്കാനുള്ള കഴിവ്.<br>11. വ്യക്തിഗത രചന, സംഘ രചന | | | BRC | |